(സി) കേസ് അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹോസ്ദുർഗ് പരിധിയിൽപ്പെട്ട ഹോസ്ദുർഗ് കടപ്പുറത്തെ സുരേഷ് എന്ന ആളുടെ മകൻ 15 വയസ്സുള്ള അഭിലാഷ് എന്ന കുട്ടി 14-11-2014-ാം തീയതി സ്കൂൾ വിട്ട് രാത്രിവരെ വീട്ടിലെത്തിയില്ല എന്ന കാര്യത്തിന് കുട്ടിയുടെ ബന്ധു രാജേഷ് എന്നയാൾ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ എത്തി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1188/2014 u/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 15-11-2014-ാം തീയതി രാവിലെ 6.45 മണിയോടെ ടി അഭിലാഷ് എന്ന കുട്ടിയുടെ മൃതദേഹം ഹോസ്ദുർഗ് കശാൽനഗർ പോളീടെക്നിക്കിന് അടുത്തുള്ള ഉപയോഗ ശൂന്യമായ വെള്ളക്കെട്ടിൽ കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ സെക്ഷൻ 302 r/w 34 IPC ആയി Alter ചെയ്ത് ഹോസ്ദുർഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ അന്വേഷണമധ്യേ മരണപ്പെട്ട അഭിലാഷിനെ സഹപാഠികളായ രണ്ടുകുട്ടികൾ ചേർന്ന് കൊലപ്പെടുത്തിയതാണെന്ന് വെളിവായിട്ടുള്ളതും ടിയാൻമാരെ നിയമാനുസരണം കസ്റ്റഡിയിൽ എടുത്ത് ജുവനൈൽ ജസ്റ്റിസ് ബോർഡു മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും പ്രതികളായ കുട്ടികളെ ജുവനൈൽ ഹോമിൽ പാർപ്പിച്ച് വരുന്നതുമാണ്. 25-11-2014-ന് ടി കേസ് ക്രൈംബ്രാഞ്ചിനു കൈമാറുന്നതിനു സർക്കാർ ഉത്തരവായിട്ടുണ്ട്.

**സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങൾ**

254 (256) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2014 നവംബർ വരെ സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) കേസുകളുടെ സ്വഭാവം അനുസരിച്ച് ഇനം തിരിച്ചുള്ള പട്ടികയും ജില്ല തിരിച്ചുള്ള പട്ടികയും ലഭ്യമാക്കാമോ ;

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് കുറ്റപത്രം കോടതിയിൽ നൽകിയവയെത്ര; അന്വേഷണം പൂർത്തിയാകാത്തവ എത്ര; പ്രതികളിൽ ഇതിനകം അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവരെത്ര; വ്യക്തമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രതികൾക്ക് ശിക്ഷ ലഭ്യമായ കേസ്സുകളുടെ എണ്ണം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 45,962 കേസുകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) 38,715 കേസുകളിൽ കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ട്. 4603 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല. 4290 പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) 632 കേസുകളിൽ.

**മാവോയിസ്റ്റുകളെ അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ**

255 (257) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകൾ സായുധ വിപ്ലവത്തിന് ആഹ്വാനം ചെയ്തിട്ടുള്ളതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ആക്രമണ കേസുകളിൽ എത്ര എണ്ണത്തിലാണ് മാവോയിസ്റ്റ് സാന്നിധ്യം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) സംസ്ഥാനത്തെ മാവോയിസ്റ്റുകളുടെ നിരീക്ഷണത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മാവോയിസ്റ്റുകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4 ആക്രമണങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നു.

(സി & ഡി) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി പോലീസിനെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly